# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ :7051/11/12/2023/**

പരാതികക്ഷി : 1) എം.നടരാജൻ,നിഖിൽ നിവാസ്
ഞാറവിള,കാട്ടാക്കട,തിരുവനന്തപുരം

2) സനൽ,കാർമൽ ഹൗസ്
മംഗലയ്ക്കൽ,കാട്ടാക്കട

എതിർകക്ഷികൾ സജീവ് കുമാർ മകൻ അരുൺ, കനകമന്ദിരം
ഊറ്റുകുഴി,കുളത്തുമ്മൽ,കാട്ടാക്കട

**ഉത്തരവ് തീയതി 06.02.2025**

എതിർകക്ഷി നടത്തിവരുന്ന പശു ഫാമിൽ നിന്നുള്ള മലിനജലം ഹർജികക്ഷിയുടെ കിണർവെള്ളം മലിനമാകുന്നതായും കൂടാതെ ടിയാൻ 10 പട്ടികളെ വളർത്തുന്നതായും മാലിന്യങ്ങൾ തങ്ങളുടെ വീടിനു മുമ്പിലൂടെയാണ് ഒഴുക്കി വിടുന്നതെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി 27/11/2023 തീയതി ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതിയുടെ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ, പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട ടീം സ്ഥലം പരിശോധിക്കുകയും ശരിയായ രീതിയിൽ തൊഴുത്തിൽ നിന്നുള്ള മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് നോട്ടീസ് മുഖേന നിർദ്ദേശം നൽകിയിട്ടുള്ളതാണെന്ന് റിപ്പോർട്ടിൽ കാണുന്നു.

പരാതി പരിഗണനക്കെടുത്ത 06.02.2025 തീയതി പരാതികക്ഷി ഹാജരായില്ല. എതിർകക്ഷി ഇപ്പോഴും മാലിന്യ നിർമ്മാർജന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലായെങ്കിൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ